# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 1833 – 04/05/2017 – ലെ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

**ചോദ്യം**

ശ്രീ. സി.ദിവാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീമതി ഗീതാ ഗോപി
ശ്രീ. മുഹമ്മദ് മുഹസിൻ പി.

**ഉത്തരം**

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളെ പൂർണ്ണമായും പാലിക്കുമ്പോൾ ചില പ്രതിസന്ധികൾ ഉണ്ടാകാറുണ്ട്. ഈ പ്രതിസന്ധികൾ തരണം ചെയ്യാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും കേരളത്തിന് അനുയോജ്യമായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ആവശ്യപ്പെടാറുമുണ്ട്. |
| ബി | പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY), യു.എൻ. പങ്കാളിത്തമുള്ള ഗ്രീൻ ക്ലൈമറ്റ് പ്രോജക്റ്റ് എന്നിവ യിലേയ്ക്ക് സംസ്ഥാനം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY) നീർത്തട ഘടകത്തിനുവേണ്ടി സംസ്ഥാനം പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, പാലക്കാട് (ഐ.ആർ.റ്റി.സി) -യുടെ പ്രോജക്ട് (Participatory ecosystem action for climate resillience and climate change impact alleviation in the Palakkad gap of Western Ghats, Kerala) ജി.സി.എഫ് -ന് സമർപ്പിച്ചിട്ടുണ്ട് |
| സി | പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം 25 ശതമാനത്തിൽ നിന്ന് 50 ശതമാന മാക്കി പുതുക്കിയിട്ടുണ്ടോ; വ്യക്ത മാക്കാമോ? | പുതിയ മാർഗ്ഗനിർദ്ദേശപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് രീതി ചുവടെ ചേർക്കുന്നു. <u>കോർ ഓഫ് ദി കോർ:-</u> ഈ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് നൂറ് ശതമാനവും, 90:10 എന്ന അനുപാതത്തിലുമാണ് നടപ്പിലാക്കുന്നത്. |

| | | |
|---|---|---|
| | | **കോർ:-** കോർ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് അറുപത് ശതമാനം കേന്ദ്ര വിഹിതവും നാൽപത് ശതമാനം സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ പുതിയ മാർഗ്ഗ നിർദ്ദേശം ലഭിക്കുന്നതിനു മുമ്പ് എഴുപത്തിയഞ്ച് ശതമാനം, എൺപത് ശതമാനം എന്ന രീതിയിൽ കേന്ദ്ര വിഹിതം ലഭിക്കുമായിരുന്നു.<br>**ഓപ്ഷണൽ:-** ഈ വിഭാഗത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം 50 : 50 എന്ന അനുപാതത്തിലാണ്. |

Sreekumar AK

**സെക്ഷൻ ഓഫീസർ**